**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **07-12-2022 - ൽ മറുപടിയ്ക്ക്**

**തനത് കന്നുകാലി ഇനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കാലാവസ്ഥയ്ക്കിണങ്ങുന്ന ചെലവ് കുറഞ്ഞ പരിപാലന മുറകൾ ആവശ്യമുള്ള തനത് കന്നുകാലി ഇനങ്ങളുടെ സംരക്ഷണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **മൃഗസംരക്ഷണ വകുപ്പിന്റെ നടപടികൾ**<br><br>ഒരു പ്രധാന നാടൻ പശുവിനമായ വെച്ചൂർ പശുവിനെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി കേന്ദ്രം കുടപ്പനക്കുന്ന്, ജഴ്സി ഫാം വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്.തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി നല്ലരീതിയിൽ ഒരു ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചു വരുന്നു. വടക്കൻ കേരളത്തിലെ നാടൻ പശു ഇനമായ 'കാസർഗോഡ് ഡ്വാർഫ്' എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ സർക്കാർ ഒരു ഫാം നടത്തി വരുന്നു. നാടൻ പശുക്കൾക്ക് ഗോസമൃദ്ധി, NLM പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.<br><br>**കെ.എൽ.ഡി.ബി യുടെ നടപടികൾ**<br><br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എ.ഐ സെന്ററുകൾ വഴി വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സ് ബീജമാത്രകൾ വിതരണം ചെയ്തു വരുന്നു. ഓണാട്ടുകര വികസന ഏജൻസി, കെ.എൽ.ഡി ബോർഡുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുക്കുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കുട്ടമ്പുഴ കുള്ളൻ കാലികൾ കൂടുതലുള്ള എറണാകുളം ജില്ലയിലെ കോടനാട്, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലേയ്ക്കും, കാലടി, കോട്ടപ്പടി എന്നീ |

| | | | |
|---|---|---|---|
| | | | മൃഗാശുപത്രികളിലേയ്ക്കും ഇൻഡന്റ് ചെയ്യുന്ന മുറയ്ക്ക് തന്നെ കുട്ടമ്പുഴ കുള്ളൻ ഇനം സെമൻ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വയനാടൻ കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി ഈയിനം കാലികൾ കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ മുത്തങ്ങ, പുൽപ്പള്ളി എന്നിവിടങ്ങളിൽ നിന്നും വയനാടൻ കുള്ളൻ കാലികളെ കണ്ടെത്തി ഉരുക്കളുടെ രക്തം ശേഖരിച്ച് ഡി.എൻ.എ വേർതിരിച്ചെടുത്ത് കെ.എൽ.ഡി ബോർഡിലെ സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജീനോമിക് ലാബിൽ Karyotyping & Genotyping പഠനം തുടങ്ങിയിട്ടുണ്ട്. വില്വാദ്രി ഇനം കാളകളുടെ ഗാഢശീതീകരിച്ച ബീജം ഉദ്പ്പാദിപ്പിച്ച് വില്വാദ്രി ഇനം പശുക്കൾ കാണപ്പെടുന്ന പാലക്കാട് ജില്ലയിലെ തിരുവില്വാമലയിലും, പരിസര പ്രദേശങ്ങളിലും ലഭ്യമാക്കുന്നതാണ്. |
| (ബി) | വെച്ചൂർ, ചെറുവള്ളി, വില്വാദ്രി, കുട്ടമ്പുഴ, കാസർഗോഡ് കുള്ളൻ തുടങ്ങിയ പശുക്കൾ കുട്ടനാടൻ എരുമകൾ, താറാവുകൾ, തലശ്ശേരി കോഴികൾ തുടങ്ങിയ തനത് ഇനങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കാൻ മുൻകൈയെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | കെ.എൽ.ഡി ബോർഡ് ഓണാട്ടുകര വികസന ഏജൻസിയുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ ബീജം കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കുട്ടമ്പുഴ വിത്തു കാളകളുടെ ബീജം ഈ ഇനം പശുക്കളുള്ള മേഖലകളിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ വിപുലമായ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കുട്ടനാടൻ താറാവുകൾ ആയ ചാര, ചെമ്പല്ലി എന്നീ നാടൻ താറാവുകളെ നിരണം ഡക്ക് ഫാമിൽ നിന്നും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. എന്നാൽ നിലവിൽ തലശ്ശേരി ഇനം കോഴികളെ സർക്കാർ ഫാമുകളിൽ കർഷകർക്ക് വിതരണത്തിനായി വളർത്തുന്നില്ല. എരുമകൾ ഇല്ല. |
| (സി) | പ്രസ്തുത ഇനങ്ങൾ കർഷകർക്ക് ആവശ്യാനുസരണം നിലവിൽ ലഭ്യമാണോ;വിശദമാക്കുമോ? | (സി) | വെച്ചൂർ, കാസർഗോഡ് കുള്ളൻ, കുട്ടമ്പുഴ കുള്ളൻ എന്നീ ഇനം പശുക്കൾ കർഷകരിൽ നിന്നും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ